പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1183 30.01.2018-ൽ മറുപടിക്ക്

## പുനലൂർ - മൂവാറ്റുപുഴ സംസ്ഥാന പാതയുടെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പുനലൂർ - മൂവാറ്റുപുഴ സംസ്ഥാന പാതയുടെ നിർമ്മാണം എന്നാണ് കെ.എസ്.ടി.പി യെ ഏൽപ്പിച്ചത്; പ്രസ്തുത റോഡിന്റെ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; പ്രസ്തുത നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ; | (എ) പുനലൂർ - മൂവാറ്റുപ്പുഴ സംസ്ഥാന പാതയുടെ ഭാഗമായ പുനലൂർ - പൊൻകുന്നം, പൊൻകുന്നം - തൊടുപുഴ റോഡ് എന്നീ ഭാഗങ്ങൾ കെ.എസ്സ്.ടി.പി രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയത് 2013-ൽ ആണ്. അതിൽ പൊൻകുന്നം - തൊടുപുഴ പദ്ധതി 2017 മാർച്ചിൽ പൂർത്തീകരിച്ചു. പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗം കെ.എസ്സ്.ടി.പി ഇതുവരെ പി.ഡബ്ല്യു.ഡി റോഡ് വിഭാഗത്തിൽ നിന്നും ഏറ്റെടുത്തിട്ടില്ല. പുനലൂർ - പൊൻകുന്നം റോഡ് നിർമ്മാണം പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ കാലതാമസം നേരിടുമെന്നും വായ്പാ കാലാവധിയായ 2019 ഏപ്രിലിൽ തീർക്കുവാൻ പ്രയാസമാണെന്നും മറ്റുമുള്ള കാരണത്താൽ ലോകബാങ്ക് അനുമതി തന്നില്ല. അതിനുപകരമായി മറ്റ് നിർമ്മാണ രീതികൾ അവലംബിക്കാൻ ലോകബാങ്ക് അഭിപ്രായപ്പെട്ടു. അതനുസരിച്ച് EPC രീതിയിൽ നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ലോൺ കാലാവധി 31.12.2019 വരെ നീട്ടേണ്ടതായും വരും. ആയതിനുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നു. |
| (ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ ഫണ്ടിന്റെ സ്രോതസ്സ് അറിയിക്കാമോ; നിർമ്മാണം ആരംഭിക്കാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; | (ബി) പുനലൂർ - പൊൻകുന്നം റോഡ് നിർമ്മാണം പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് സ്വകാര്യ നിക്ഷേപകരെ കണ്ടെത്തേണ്ടി വരും. പദ്ധതി തുകയുടെ 40% ഫണ്ട് ലോകബാങ്ക് വായ്പയായി നൽകും. പ്രസ്തുത പദ്ധതി ഏതു രീതിയിൽ നടപ്പിലാക്കണമെന്നുള്ള സ്റ്റിയറിംഗ് |

കമ്മിറ്റിയുടെ അംഗീകാരവും, ലോൺ കാലാവധി നീട്ടുന്നതിന് DEA യുടെ അനുമതിയും ലഭ്യമാക്കേണ്ടതുണ്ട്. അതിനുള്ള നടപടി നടന്നുവരുന്നു.

(സി) പ്രസ്തുത റോഡിനായി ഇനിയും സ്ഥലം ഏറ്റെടുക്കാൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വില്ലേജുകളിലായി എത്രയൊക്കെ ഭൂമിയാണ് ഇനി ഏറ്റെടുക്കാനുള്ളത് എന്ന് വ്യക്തമാക്കുമോ; ഭൂമി ഏറ്റെടുക്കുന്നതിന് കാലതാമസം വന്നതിനുള്ള കാരണം വിശദമാക്കാമോ?

(സി) പുനലൂർ - മൂവാറ്റുപുഴ ഹൈവേ വികസനത്തിനായി ഇനിയും ഏറ്റെടുക്കുവാനുള്ള സ്ഥലങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നം | ജില്ല | വില്ലേജ് | ഏറ്റെടുക്കേണ്ട വസ്തുക്കളുടെ എണ്ണം | ആകെ വിസ്തീർണ്ണം (ച.മീ) |
|---|---|---|---|---|
| 1 | കൊല്ലം | പത്തനാപുരം | 3 | 73 |
| 2 | പത്തനംതിട്ട | കൂടൽ | 1 | 280 |
| | | മൈലപ്ര | 17 | 1160 |
| | | റാന്നി | 5 | 226 |
| | | ചേത്തക്കൽ | 4 | 251 |
| | | പഴവങ്ങാടി | 3 | 1545 |

എല്ലാ വില്ലേജുകളിലും റീസർവ്വെ നടപടികൾ പൂർത്തിയാകാത്തതിനാലും ലാൻഡ് അക്വിസിഷനുവേണ്ടി സ്ഥാപിച്ചിരിക്കുന്ന അലൈൻമെന്റ് കല്ലുകൾക്ക് അനുസരിച്ചുള്ള എല്ലാ സ്ഥലങ്ങളും ഉൾപ്പെടുത്തി റവന്യൂ അധികാരികൾ ലിസ്റ്റ് നൽകാത്തതിനാലും ഏറ്റെടുക്കുവാനുള്ള സ്ഥലങ്ങൾ പിന്നീട് ശ്രദ്ധയിൽപ്പെടുകയും ആയതിന് അഡീഷണൽ റിക്വിസിഷൻ നൽകേണ്ടതായും വന്നു. ഇത് കാലതാമസത്തിന് ഇടയാക്കി. ഇത് കൂടാതെ 2013-ൽ പുതിയ എൽ.എ ആക്റ്റ് നിലവിൽ വന്നതിനുശേഷം അക്വിസിഷൻ നടപടികൾ നടത്തുവാൻ സാധിച്ചിട്ടില്ല. Direct purchase മാത്രമാണ് ഈ സമയത്ത് നടത്തിയിട്ടുള്ളത്. പദ്ധതി ബാധിതർ സ്ഥലത്തില്ലാത്തതും Direct purchase-ന് ആവശ്യമായ രേഖകൾ കൈവശം ഇല്ലാത്തതു മൂലവും Direct purchase- നും കാലതാമസം ഉണ്ടാകുന്നു.

S. Bindu

സെക്ഷൻ ഓഫീസർ